സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 259 2025 ഫെബ്രുവരി 10 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മിഹിറിന്റെ മരണം: കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി ശിവൻകുട്ടി

തിരു : എറണാകുളം തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിൽ റാഗിങ്ങിനെ തുടർന്ന് മിഹിർ അഹമ്മദ് എന്ന ഒമ്പതാം ക്ലാസ് വിദ്യാർഥി ജീവൻ ഒടുക്കിയെന്ന മാതാവിന്റെ പരാതിയിൽ കർശന നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടി. തങ്ങളുടെ കുട്ടികൾക്കും ഈ സ്കൂളിൽ വച്ച് സമാനമായ റാഗിങ്ങ് നേരിടേണ്ടി വന്നിട്ടുള്ളതായി വെളിപ്പെടുത്തി നിരവധി മാതാപിതാക്കൾ രംഗത്തെത്തിയിട്ടു?ണ്ടെന്നും മന്ത്രി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. ഭീകരമായ റാഗിങ് നേരിട്ട തന്റെ കുട്ടി ആത്മഹത്യയുടെ വക്കുവരെ എത്തിയതായും പരാതി സ്കൂൾ അധികൃതർ അവഗണിച്ചതിനാൽ ടി.സി വാങ്ങി മറ്റൊരു സ്കൂളിലേയ്ക്ക് ചേർക്കേണ്ടി വന്നതായും ഒരു രക്ഷകർത്താവ് വെളിപ്പെടുത്തിയിരുന്നു.

പഞ്ചാബ് എ എ പിയിൽ വിമതനീക്കം?

30 എം എൽ എമാരുമായി സംസാരിച്ചെന്ന് കോൺഗ്രസ്, യോഗംവിളിച്ച് കെജ്രിവാൾ

ചണ്ഡീഗഢ്: പഞ്ചാബിലെ ആം ആദ്മി പാർട്ടി സർക്കാർ പ്രതിസന്ധിയിലേക്കെന്ന് സൂചന. എ.എ.പിയുടെ മുപ്പതോളം എം.എൽ.എമാരുമായി ആശയവിനിമയം നടത്തിയെന്ന അവകാശവാദവുമായി പഞ്ചാബിലെ കോൺഗ്രസ് നേതാക്കൾ രംഗത്തെത്തി. ഇതിന് പിന്നാലെ എ.എ.പി. ദേശീയ കൺവീനറും ഡൽഹി മുൻമുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാൾ പഞ്ചാബിലെ എം.എൽ.എമാരുടെയും മന്ത്രിമാരുടെയും യോഗം വിളിച്ചുചേർത്തു. ചൊവ്വാഴ്ചയാണ് യോഗം. നിലവിൽ എ.എ.പിക്ക് അധികാരമുള്ള ഏക സംസ്ഥാനമാണ് പഞ്ചാബ്.

മുപ്പതിലധികം എ.എ.പി. എം.എൽ.എമാർ ഒരുകൊല്ലത്തോളമായി കോൺഗ്രസുമായി സമ്പർക്കത്തിലുണ്ടെന്നും അവർ പാർട്ടി മാറാൻ തയ്യാറാണെന്നും മുതിർന്ന കോൺഗ്രസ് നേതാവും പഞ്ചാബിലെ പ്രതിപക്ഷ നേതാവുമായ പർതാപ് സിങ് ബാജ്വ പറഞ്ഞു. നേതൃസ്ഥാനത്തിനുവേണ്ടിയുള്ള പോരാട്ടം ആസന്നമായിരിക്കുകയാണ്. തലസ്ഥാനത്തെ പാർട്ടി നേതൃത്വം, ഭഗവന്ത് മാനെ മാറ്റാൻ താൽപര്യപ്പെടുന്നുണ്ടാകാം. സംസ്ഥാനത്തെ മുഴുവൻ എം.എൽ.എമാരും പ്രവർത്തകരും കെജ്രിവാളിന്റെ പക്ഷത്താണ്. ലുധിയാന വെസ്റ്റ് നിയോജകമണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പ് വരാനിരിക്കുകയാണ്. പഞ്ചാബ് നിയമസഭയുടെ ഭാഗമാകാൻ ആ മണ്ഡലത്തെ കെജ്രിവാൾ നോട്ടമിടുന്നുണ്ടാകാം, ബാജ്വ പറഞ്ഞു.

അതേസമയം, കോൺഗ്രസിന്റെ അവകാശവാദങ്ങളെ നിരാകരിച്ച് എ.എ.പി. വക്താവ് നീൽ ഗാർഗ് രംഗത്തെത്തി. കെജ്രിവാൾ ഞങ്ങളുടെ ദേശീയ കൺവീനറാണ്. മാൻ പഞ്ചാബ് മുഖ്യമന്ത്രിയും. കോൺഗ്രസിന്റെ ഗ്രാഫ് കുത്തനെ താഴേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഡൽഹിയിൽ തുടർച്ചയായ മൂന്നാംതവണയും ഒരു സീറ്റുപോലും അവർക്ക് നേടാൻ കഴിഞ്ഞില്ല. 2022-ലെ പഞ്ചാബ് തിരഞ്ഞെടുപ്പിൽ അവർക്ക് 18 എം.എൽ.എമാർ മാത്രമാണ് ഉണ്ടായിരുന്നത്. അത് 27-ലെ തിരഞ്ഞെടുപ്പിൽ വീണ്ടുംകുറയും. സംസ്ഥാനനത്തെ മുൻസിപ്പൽ കോർപറേഷൻ തിരഞ്ഞെടുപ്പു നോക്കൂ, എന്താണ് അവരുടെ പ്രകടനം, ഗാർഗ് ചോദിച്ചു. കോൺഗ്രസിന് ഡൽഹിയിൽ ഒരു സീറ്റ് പോലും നേടാൻ കഴിയാത്തതിനെ കുറിച്ചാണ് ബാജ്വ ആശങ്കപ്പെടേണ്ടതെന്നും ഗാർഗ് കൂട്ടിച്ചേർത്തു.

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ എഎപി വലിയ പരാജയം ഏറ്റുവാങ്ങിയതിനു പിന്നാലെ അരവിന്ദ് കെജ്രിവാൾ പഞ്ചാബിൽ മുഖ്യമന്ത്രിയാകാൻ നീക്കം നടത്തുന്നതായി കോൺഗ്രസ് നേരത്തെ ആരോപിച്ചിരുന്നു. പഞ്ചാബ് നിയമസഭയിൽ ഒഴിവുള്ള ഒരു സീറ്റും ആം ആദ്മി പാർട്ടി സംസ്ഥാന അധ്യക്ഷന്റെ ദിവസങ്ങൾക്ക് മുമ്പുള്ള പ്രസ്താവനയും ചൂണ്ടിക്കാട്ടിയാണ് കോൺഗ്രസ് നേതാക്കൾ രംഗത്തെത്തിയത്.

പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മന്നിന്റെ നേതൃത്വത്തിൽ ഡൽഹി നേതൃത്വത്തിനെതിരെ തിരിയുമെന്നും വ്യാപകമായി എ.എ.പി. എം.എൽ.എമാർ പാർട്ടി വിടുമെന്നും ഗുരുദാസ്പൂർ എം.പി. സുഖ്ജിന്ദർ സിങ് രൺധാവ പറഞ്ഞിരുന്നു. പഞ്ചാബ് ഇടക്കാല തിരഞ്ഞെടുപ്പിനായി തയ്യാറെടുക്കണ കോൺഗ്രസ് പറഞ്ഞിരുന്നു. എ.എ.പിയുടെ ഒരുപിടി എം. എൽ.എമാർ പാർട്ടി വിടും. കുറഞ്ഞത് 35 എം.എൽ.എമാർ എ.എ.പി. വിട്ട് മറ്റ് പാർട്ടികളിൽ ചേക്കേറാൻ തയ്യാറായി നിൽക്കുകയാണെന്നും അദ്ദേഹം പറഞ്ഞിരുന്നു.

നായയെ കണ്ട് പേടിച്ചു, കാൽവഴുതി കനാലിൽ വീണു; 8 വയസ്സുകാരന് ദാരുണാന്ത്യം

കൊട്ടാരക്കര:കനാലിന്റെ നടപ്പാലത്തിൽ നിൽക്കവെ നായയെ കണ്ടു ഭയന്ന എട്ടു വയസ്സുകാരൻ കനാലിൽ വീണു മരിച്ചു. ഇരണൂർ നിരപ്പുവിള അനീഷ് ഭവനിൽ അനീഷിന്റെയും ശാരിയുടെയും മകൻ യാദവ് ആണു മരിച്ചത്. ഞായറാഴ്ച രാത്രി ഏഴരയോടെ ആയിരുന്നു അപകടം. വീടിനു സമീപം കനാൽക്കരയിൽ നിൽക്കുകയായിരുന്ന മുത്തശ്ശിയുടെ അരികിലേക്കു പോകാനാണു യാദവ് താൽക്കാലിക നടപ്പാലത്തിലേക്കു കയറിയത്. എന്നാൽ നായയെ കണ്ടതോടെ പേടിച്ചു കാൽവഴുതി കനാലിലേക്കു വീഴുകയായിരുന്നു.

ശക്തമായ അടിയൊഴുക്കുള്ള കല്ലടക്കനാലിലേക്കാണു കുട്ടി വീണത്. നാട്ടുകാരും പൊലീസും അഗ്നിരക്ഷാസേനയും തിരച്ചിൽ നടത്തി. പിന്നാലെ 130 മീറ്റർ അകലെയുള്ള നിരപ്പുവിള ഭാഗത്തുനിന്നു കുട്ടിയെ കണ്ടെത്തുകയായിരുന്നു. ഉടൻ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചു. പഴഞ്ഞം സെന്റ് ജോൺസ് സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർഥിയാണു യാദവ്.

പാതിവില തട്ടിപ്പ് അന്വേഷണം ക്രൈംബ്രാഞ്ചിന്; കൈമാറിയത് ആദ്യം രജിസ്റ്റർ ചെയ്ത 34 കേസുകൾ

തിരു: പാതിവില തട്ടിപ്പ് കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി സർക്കാർ ഉത്തരവിട്ടു. ആദ്യം രജിസ്റ്റർ ചെയ്ത 34 കേസുകളാണ് ക്രൈംബ്രാഞ്ചിന് കൈമാറിക്കൊണ്ട് ഡിജിപി ഉത്തരവിട്ടിരിക്കുന്നത്. എറണാകുളം 11 കേസുകൾ, ഇടുക്കി 11, ആലപ്പുഴ എട്ട്, കോട്ടയം മൂന്ന്, കണ്ണൂർ ഒന്ന് എന്നിങ്ങനെയാണ് ക്രൈംബ്രാഞ്ചിന് കൈമാറിയിരിക്കുന്ന കേസുകൾ. ഇവ പോലീസ് സ്റ്റേഷനുകളിൽ ആദ്യം ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തവയാണ്.

മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് നടപടി. തട്ടിപ്പുമായി ബന്ധപ്പെട്ട് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന മറ്റു പരാതികളും ക്രൈംബ്രാഞ്ചിന് കൈമാറണമെന്ന നിർദേശവും ഡിജിപിയുടെ ഉത്തരവിലുണ്ട്.

ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.എച്ച്. വെങ്കിടേഷിന്റെ മേൽനോട്ടത്തിലായിരിക്കും അന്വേഷണം. കേസന്വേഷണത്തിനായി പ്രത്യേക സംഘം രൂപവത്കരിക്കാൻ ക്രൈം ബ്രാഞ്ച് എഡിജിപിയ്ക്ക് നിർദേശം നൽകിക്കൊണ്ടാണ് ഡിജിപിയുടെ ഉത്തരവ്. സംഘത്തിൽ ആരൊക്കെ ഉണ്ടാകും എന്ന കാര്യത്തിൽ ഇന്ന് തീരുമാനം ഉണ്ടാകുമെന്നാണ് സൂചന. നിലവിൽ കേസന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയാകും ക്രൈംബ്രാഞ്ച് അന്വേഷണ സംഘം രൂപവത്കരിക്കുക എന്നും വിവരമുണ്ട്.

കേസിലെ ഒന്നാം പ്രതി സായിഗ്രാമം സ്ഥാപക ചെയർമാനും എൻ.ജി.ഒ. കോൺഫെഡറേഷൻ ആജീവനാന്ത രക്ഷാധികാരിയുമായ ആനന്ദകുമാറും രണ്ടാം പ്രതി നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ സംസ്ഥാന സെക്രട്ടറി അനന്തു കൃഷ്ണനുമാണ്. തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ മുനമ്പം അന്വേഷണ കമ്മിഷൻറിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ മൂന്നാംപ്രതിയാക്കിയിരുന്നു. ആനന്ദകുമാർ ഒളിവിലാണെന്നാണ് സൂചന.

സെറിബ്രൽ ഹെമറേജ് ബാധിച്ച് കയർബോർഡ് ജീവനക്കാരി മരിച്ചു

തൊഴിൽപീഡനം ആരോപിച്ച് കുടുംബം

തിരു: സെറിബ്രൽ ഹെമറേജ് ബാധിച്ച് ആശുപത്രിയിൽ ചികിത്സയിലിരുന്ന കയർ ബോർഡ് ജീവനക്കാരി മരിച്ചു. സെക്ഷൻ ഓഫീസറായി ജോലിചെയ്തിരുന്ന ജോളി മധുവാണ് മരിച്ചത്. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 30 വർഷമായി ജോളി കയർ ബോർഡ് ജീവനക്കാരിയാണ്.

തൊഴിലിടത്തുനിന്നും നിരന്തരമായി നേരിടേണ്ടിവന്ന മാനസിക പീഡനത്തെ തുടർന്നാണ് ജോളി അസുഖബാധിതയായതെന്ന് കുടുംബം കഴിഞ്ഞ ദിവസം ആരോപിച്ചിരുന്നു. 5 മാസമായി ശമ്പളം നൽകിയില്ലെന്നും ജോളിക്കെതിരെ വിജിലൻസിൽ രണ്ട് കള്ളക്കേസ് ചുമത്തപ്പെട്ടിട്ടുണ്ടെന്നും മെഡിക്കൽ ലീവ് നിരസിച്ചെന്നു മുൾപ്പെടെയുള്ള ആരോപണങ്ങളുയർത്തി കുടുംബം രംഗത്തെത്തിയിരിക്കുകയാണ്.

ജോളിക്ക് മാത്രമല്ല കൂടെ ജോലി ചെയ്യുന്നവരും സമ്മർദം അനുഭവിക്കുന്നുണ്ടെന്നും അവരിൽ നിന്നാണ് തൊഴിലിടത്തെ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞതെന്നും ജോളിയുടെ സഹോദരൻ ലാലിച്ചൻ പറഞ്ഞു.

കയർ ബോർഡ് മുൻ സെക്രട്ടറി, മുൻ ചെയർമാൻ എന്നിവർക്കെതിരെയാണ് കുടുംബം ആരോപണം ഉന്നയിക്കുന്നത്. ഇരുവരും ഒപ്പിട്ട് നൽകാനായി ജോളിയെ ഏൽപിച്ച ഫയലുകളിൽ പലതിലും ജോളി ഒപ്പിടാൻ തയ്യാറായിരുന്നില്ല. അതുകാരണം ജോളിയെ മാനസികമായി ഉപദ്രവിക്കുകയായിരുന്നെന്ന് കുടുംബം പറഞ്ഞു. ജോളിയുടെ പ്രമോഷനും മനഃപൂർവം തടസ്സപ്പെടുത്തിയിരുന്നു. അതെല്ലാം അതിജീവിച്ചാണ് സെക്ഷൻ ഓഫീസർ വരെ ആയത്. പിന്നീടും മാനസികപീഡനങ്ങൾ തുടർന്നുകൊണ്ടിരുന്നുവെന്നും കുടുംബം ആരോപിക്കുന്നു.

ജോളി കാൻസർ അതിജീവിതയാണ്. അത് പരിഗണിക്കാതെയാണ് തൊഴിലിടത്തിൽ അതീവ മാനസിക സമ്മർദം അനുഭവിക്കേണ്ടി വന്നതെന്ന് സഹോദരൻ പറഞ്ഞു. അഴിമതിക്ക് കൂട്ട് നിൽക്കാതിരുന്നതിനാൽ കൊച്ചിയിൽനിന്നും ഹൈദരാബാദിലേക്ക് പ്രമോഷൻ നൽകാതെ ജോളിയെ സ്ഥലം മാറ്റി. ഇതേതുടർന്ന് പ്രധാനമന്ത്രിക്ക് പരാതി നൽകിയിരുന്നു. എന്നാൽ ആർക്കെതിരെയാണോ പരാതി നൽകിയത് അവരിൽനിന്ന് വീണ്ടും ഭീഷണികൾ നേരിടേണ്ടി വന്നു. ജോളി വീട്ടുകാരോട് തന്റെ പ്രശ്നങ്ങൾ അധികം തുറന്നുപറഞ്ഞിരുന്നില്ല. മറ്റ് ജീവനക്കാർ പറഞ്ഞാണ് വീട്ടുകാർ കാര്യങ്ങൾ അറിഞ്ഞത്. നീതിക്കായി പോരാടുമെന്നും തുടർ നടപടികളുമായി മുന്നോട്ടുപോകുമെന്നുമാണ് ജോളിയുടെ കുടുംബം വ്യക്തമാക്കുന്നത്.

വിവാഹച്ചടങ്ങിൽ നൃത്തം ചെയ്യുന്നതിനിടെ 23കാരി കുഴഞ്ഞുവീണ് മരിച്ചു

ഭോപ്പാൽ: വിവാഹാഘോഷത്തിൽ നൃത്തം ചെയ്യുന്നതിനിടെ 23കാരി ഹൃദയാഘാതം മൂലം മരിച്ചു. മദ്ധ്യപ്രദേശിലെ വിദിഷ ജില്ലയിലെ ഒരു റിസോർട്ടിലായിരുന്നു സംഭവം. ഇൻഡോർ സ്വദേശിനിയായ പരിണിത ജെയിനാണ് മരിച്ചത്. ശനിയാഴ്ച രാത്രിയിലായിരുന്ന സംഭവം. ബന്ധുവിന്റെ വിവാഹത്തിന് പങ്കെടുക്കാൻ വിദിഷയിൽ എത്തിയതായിരുന്നു യുവതി. 200 അതിഥികൾ പങ്കെടുത്ത ഹൽദി പരിപാടിയിൽ പരിണിത നൃത്തം ചെയ്യുന്നതിനിടയിലാണ് കുഴഞ്ഞുവീണ് മരിച്ചത്. ഇതിന്റെ വീഡിയോ സോഷ്യൽമീഡിയയിൽ വൈറലായിട്ടുണ്ട്.

ഒരു ഹിന്ദി ഗാനത്തിനൊപ്പം നൃത്തം ചെയ്യുകയായിരുന്ന യുവതി പെട്ടെന്ന് തളർന്ന് വീഴുകയായിരുന്നു. എത്തിയ അതിഥികളുടെ കൂട്ടത്തിൽ ഒരു ഡോക്ടറുമുണ്ടായിരുന്നു. പരിണിതയ്ക്ക് പ്രഥമ ശുശ്രൂഷ നൽകിയെങ്കിലും രക്ഷിക്കാൻ സാധിച്ചില്ല. എംബിഎ ബിരുദധാരിയായ പരിണിത ഇൻഡോറിലെ തുകോഗഞ്ചിൽ മാതാപിതാക്കൾക്കൊപ്പമാണ് താമസിച്ചിരുന്നത്. യുവതിയുടെ സഹോദരൻ 12 വയസുള്ളപ്പോൾ ഹൃദയാഘാതം സംഭവിച്ച് മരിച്ചിട്ടുണ്ടെന്നാണ് വിവരം.

ഇതിനുമുൻപും നൃത്തം ചെയ്യുന്നതിനിടെ ആളുകൾ കുഴഞ്ഞുവീണ് മരിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ ഇൻഡോറിൽ ഒരു പരിപാടിയിൽ നൃത്തം ചെയ്ത 73കാരനും ഹൃദയാഘാതം മൂലം മരിച്ചിരുന്നു. അതുപോലെ കഴിഞ്ഞ ഒക്ടോബറിൽ അഗർ മൽവ ജില്ലയിൽ ക്രിക്കറ്റ് കളിച്ചുക്കൊണ്ടിരുന്ന 15കാരൻ ഹൃദയാഘാതം മൂലം മരിച്ചിരുന്നു.

കിഫ്ബി ടോൾ തള്ളാതെ ധനമന്ത്രി; ഇനി 'കെ ടോൾ' എന്ന് പ്രതിപക്ഷം

തിരു: കിഫ്ബി റോഡുകളിൽ ടോൾ പിരിക്കുമെന്ന സൂചന നൽകി ധനമന്ത്രി നിയമസഭയിൽ. ടോൾ എന്നു പറഞ്ഞ് ആശങ്ക ഉണ്ടാക്കരുത് എന്ന് മാത്രമാണ് പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾക്ക് കെ.എൻ. ബാലഗോപാൽ നൽകിയ മറുപടി. വെന്റിലേറ്ററിൽ ആയ കിഫ്ബിയുടെ പ്ലഗ് എപ്പോൾ ഊരണം എന്നു മാത്രമാണ് ഇനി സർക്കാർ തീരുമാനിക്കാനുള്ളതെന്ന് പ്രതിപക്ഷ നേതാവ് കടുത്ത വിമർശനം ഉയർത്തി.

കൊള്ള പലിശയ്ക്ക് മസാല ബോണ്ട് വഴി പണം എടുത്തും ബജറ്റിന് പുറത്ത് കടം എടുത്തും സംസ്ഥാനത്തെ ജനങ്ങളുടെ മേൽ കിഫ്ബി വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കി എന്നു കാണിച്ചാണ് പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് നോട്ടിസ് നൽകിയത്. ഇതിനും പുറമെ ഇനി കിഫ്ബി റോഡുകളിൽ ടോളും കൂടി ഏർപ്പെടുത്താനാണ് ശ്രമമെന്നും പ്രതിപക്ഷം ആരോപിച്ചു. വരുമാനമുണ്ടാക്കുന്ന പദ്ധതികൾ വേണമെന്നത് കിഫ്ബിയുടെ നേരത്തെയുള്ള തീരുമാനമാണെന്ന് മറുപടി നൽകിയ ധനമന്ത്രി, കിഫ്ബി റോഡുകളിൽ ടോൾ ഏർപ്പെടുത്തില്ല എന്ന് അസന്നിഗ്ധമായി പറഞ്ഞില്ല.

കിഫ്ബിയുടെ കടം മുഴുവൻ സർക്കാരിന്റെ കടമായി തന്നെ മാറും എന്ന് പ്രതിപക്ഷം മുന്നറിയിപ്പ് നൽകിയില്ലേ എന്ന് പ്രതിപക്ഷ നേതാവ് ചോദിച്ചു.

റോഡ് സെസും മോട്ടോർ വാഹന നികുതിയും പിരിച്ചിട്ട് വീണ്ടും സെസ് കൊണ്ടുവരാനുള്ള നീക്കത്തെ പ്രതിപക്ഷം നിശിതമായി വിമർശിച്ചു. കിഫ്ബി മരണാസന്നമാണെന്ന പ്രതിപക്ഷ പരാമർശവും ചൂടേറിയ ചർച്ചക്ക് വഴിവെച്ചു. കിഫ്ബിയിലൂടെ സർക്കാർ സംസ്ഥാനത്തെ നിലയില്ലാത്ത സാമ്പത്തിക പ്രശ്നങ്ങളിൽ മുക്കിത്താഴ്ത്തുകയാണെന്ന് ആരോപിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

പരിസ്ഥിതി പ്രവർത്തകൻ കല്ലൂർ ബാലൻ അന്തരിച്ചു

പാലക്കാട്: പരിസ്ഥിതി പ്രവർത്തകൻ കല്ലൂർ ബാലൻ (76) അന്തരിച്ചു. ഹൃദയസംബന്ധമായ അസുഖങ്ങളെ തുടർന്ന് പാലക്കാട് ജില്ല ആശുപത്രിയിലിരിക്കെയാണ് അന്ത്യം.

പ്രകൃതിസംരക്ഷണ ബോധവത്കരണത്തിന്റെ മുൻനിരപ്പോരാളിയായ ബാലൻ പാലക്കാട് മാങ്കുറുശ്ശി കല്ലൂർമുച്ചേരി സ്വദേശിയാണ്. അരങ്ങാട്ടുവീട്ടിൽ വേലുവിന്റെയും കണ്ണമ്മയുടെയും മകനാണ്. പച്ചഷർട്ടും പച്ചലുങ്കിയും തലയിൽ പച്ചക്കെട്ടുമായിരുന്നു കല്ലൂർ ബാലന്റെസ്ഥിരമായുള്ള വേഷം.

വാഹനമിടിച്ച് 9വയസുകാരി കോമയിലായ സംഭവം; കാറുടമ പിടിയിലായി

കോഴിക്കോട്: വടകരയിൽ വാഹനമിടിച്ച് ഒമ്പത് വയസുകാരി ദൃഷാന കോമയിലായ സംഭവത്തിൽ പ്രതി പിടിയിൽ. കാറുടമയായ ഷെജിലിനെയാണ് കോയമ്പത്തൂർ വിമാനത്താവളത്തിൽ നിന്ന് പിടികൂടിയത്. ഇയാൾക്കായി ലുക്കൗട്ട് നോട്ടീസ് ഇറക്കിയിരുന്നു. ഷെജിലിനെ വടകര പൊലീസിന് കൈമാറും. അപകടത്തിൽ പരിക്കേറ്റ ദൃഷാന ഇപ്പോഴും ചികിത്സയിലാണ്. അപകടം സംഭവിച്ച് 10 മാസത്തിനുശേഷമാണ് കഴിഞ്ഞ ഡിസംബറിൽ കാറ് കണ്ടെത്തിയത്.

കെഎൽ 18 ആർ 1846 എന്ന കാറാണ് ദൃഷാനയെ ഇടിച്ചിട്ട് നിർത്താതെ പോയതെന്നും ഷെജിലാണ് കാർ ഓടിച്ചതെന്നും പൊലീസ് പറഞ്ഞു. അപകടത്തിനുശേഷം വാഹനത്തിന് രൂപമാറ്റം വരുത്തിയ പ്രതി വിദേശത്തേക്ക് കടന്നുകളയുകയായിരുന്നു. മാസങ്ങൾക്ക് മുൻപ് ഷെജിൽ ഇൻഷുറൻസ് ക്ലെയിം എടുത്തതാണ് കേസിൽ വഴിത്തിരിവായത്. മതിലിൽ ഇടിച്ച് കാർ തകർന്നെന്ന് പറഞ്ഞാണ് ഇൻഷുറൻസ് നേടിയത്.

2024 ഫെബ്രുവരി 17ന് ദേശീയ പാതയിൽ വടകര ചോറോട് വച്ചായിരുന്നു അപകടം. ദൃഷാനയും മുത്തശ്ശിയും റോഡ് മുറിച്ച് കടക്കുന്നതിനിടയിലായിരുന്നു കാറിടിച്ചത്. അപകടത്തിൽ പെൺകുട്ടിയുടെ മുത്തശ്ശി മരിച്ചിരുന്നു. ഗുരുതരപരിക്കേറ്റ പെൺകുട്ടി ഇപ്പോഴും ചികിത്സയിലാണ്.

കുംഭമേള: പ്രയാഗ്‌രാജിൽ 300 കി.മീ നീളത്തിൽ ഗതാഗതക്കുരുക്ക്; യു പി സർക്കാരിനെതിരെ അഖിലേഷ് യാദവ്

ന്യൂഡൽഹി: മഹാകുംഭമേളയിൽ വൻ ഗതാഗതക്കുരുക്ക്. പ്രയാഗ്‌രാജിലേക്ക് ഒരടി മുന്നോട്ട് വെക്കാൻ കഴിയാത്ത തിരക്കാണ് അനുഭവപ്പെടുന്നതെന്നാണ് മധ്യപ്രദേശിലെ മൈഹാർ പോലീസ് അറിയിക്കുന്നത്. 200 മുതൽ 300 കിലോമീറ്റർ വരെ ദൈർഘ്യമുള്ള ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നതെന്നും പോലീസ് അറിയിച്ചു. തിരക്ക് കാരണം പ്രയാഗ്‌രാജ് സംഘം റെയിൽവേ സ്റ്റേഷൻ ഫെബ്രുവരി 14 വരെ അടച്ചിട്ടിരിക്കുകയാണ്.

ഉത്തർപ്രദേശ് സർക്കാരിന്റെ തെറ്റായ ക്രമീകരണങ്ങളാണ് തിരക്കിന് കാരണമെന്നാരോപിച്ച് സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് രംഗത്തെത്തി. ഗതാഗതക്കുരുക്കിൽ അകപ്പെട്ട് വിശപ്പും ദാഹവും ക്ഷീണവുമുള്ള തീർഥാടകരെ മാനുഷികതയോടെ കാണണം. സാധാരണ തീർഥാടകർ മനുഷ്യരല്ലേ? അദ്ദേഹം ട്വീറ്റിലൂടെ ചോദിച്ചു.

ജനുവരി 13-ന് ആരംഭിച്ച മഹാകുംഭമേളയിൽ 43 കോടിയിലധികം ഭക്തരാണ് ത്രിവേണീ സംഗമത്തിലെത്തി പുണ്യസ്നാനം നടത്തിയത്. ഗതാഗതം തടസ്സപ്പെട്ടതു കാരണം നിരവധിപേർക്ക് ത്രിവേണീ സംഗമത്തിൽ സ്നാനം ചെയ്യാൻ കഴിയാത്തതെന്നാണ് പുറത്തുവന്ന റിപ്പോർട്ടുകൾ. അതുകൊണ്ടുതന്നെ സംഘാടനത്തിൽ തീർഥാടകരും ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്.

ഞായറാഴ്ച പ്രയാഗ്‌രാജിൽ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. റോഡിൽ വാഹനങ്ങൾ കുരുങ്ങിക്കിടക്കുന്നതിന്റേയും വളരെ പതുക്കെ മാത്രം മുന്നോട്ട് നീങ്ങുന്നതിന്റേയും ചിത്രങ്ങളും വീഡിയോകളും സോഷ്യൽമീഡിയയിൽ പ്രചരിച്ചിരുന്നു. പ്രയാഗ്‌രാജിലെ ഗതാഗത സ്ഥിതി ഉയർത്തിക്കാട്ടി, കുടുങ്ങിക്കിടക്കുന്ന തീർഥാടകർക്ക് അടിയന്തര ക്രമീകരണങ്ങൾ ചെയ്യാൻ ഉത്തർപ്രദേശ് സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രതികരണങ്ങളായിരുന്നു അവ. ഇത് ചൂണ്ടിക്കാണിച്ച് നിരവധി ട്വീറ്റുകളാണ് അഖിലേഷ് യാദവ് കഴിഞ്ഞ ദിവസം എക്സിൽ പങ്കുവെച്ചത്.

ഈ മാസം സ്വർണം വാങ്ങാമെന്ന പ്രതീക്ഷ വേണ്ട? വിലയിൽ വൻകുതിപ്പ്; ഇന്നത്തെ നിരക്ക് അറിയാം

തിരു: രണ്ട് ദിവസത്തെ ഇടവേളയ്ക്ക് ശേഷം സംസ്ഥാനത്ത് വീണ്ടും സ്വർണവില ഉയർന്നു. ഒരു പവൻ സ്വർണത്തിന് 280 രൂപ വർദ്ധിച്ച് 63,840 രൂപയായി. ഈ മാസത്തെ ഏറ്റവും ഉയർന്ന സ്വർണനിരക്കാണിത്. ഇന്ന് ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 7,980 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 8,706 രൂപയുമായി. കഴിഞ്ഞ ദിവസം ഒരു പവൻ സ്വർണത്തിന്റെ വില 63,560 രൂപയായിരുന്നു.

സുരക്ഷിത നിക്ഷേപമെന്ന നിലയിൽ വൻകിട ഫണ്ടുകളും വിവിധ കേന്ദ്രബാങ്കുകളും ആവേശത്തോടെ സ്വർണം വാങ്ങി കൂട്ടുകയാണ്. ഇന്ത്യയിലും ചൈനയിലും വിവാഹ സീസൺ ആരംഭിച്ചതോടെ സ്വർണ ഉപഭോഗം കൂടിയതും വിലയിൽ കുതിപ്പുണ്ടാക്കി. അമേരിക്കൻ ഡോളറിന് ബദലായ ആഗോള നാണയമെന്ന നിലയിലാണ് സ്വർണത്തിന് പ്രിയമേറുന്നത്. ഇതോടൊപ്പം ഡോളറിനെതിരെ രൂപയുടെ മൂല്യത്തകർച്ച മൂലം ഇറക്കുമതി ചെലവ് കൂടുന്നതും വില വർദ്ധനയ്ക്ക് കാരണമായി. 24 കാരറ്റ് സ്വർണ കട്ടിയുടെ വില കിലോഗ്രാമിന് 87.3 ലക്ഷം രൂപയിലെത്തി.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വ്യാപാര തീരുവ യുദ്ധവും ചൈനയുടെ പുതിയ സാമ്പത്തിക തന്ത്രങ്ങളും സ്വർണ വില ഇനിയും ഉയരുന്നതിന് കാരണമാകുമെന്നാണ് കരുതുന്നത്. നിലവിലെ ട്രെൻഡ് തുടർന്നാൽ ഫെബ്രുവരി അവസാനത്തോടെ ഒരു പവൻ സ്വർണത്തിന്റെ വില 65,000 രൂപയിലെത്തിയേക്കും. ഇപ്പോഴത്തെ സാഹചര്യത്തിൽ രാജ്യാന്തര സ്വർണവില ഔൺസിന് മുവായിരം ഡോളർ കവിഞ്ഞ് മുന്നേറാൻ ഇടയുണ്ടെന്ന് അനലിസ്റ്റുകൾ പറയുന്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ചിമ്മിനി ഡാം വന്യ ജീവി സംരക്ഷണ കേന്ദ്രത്തിൽ വച്ചു നടന്ന യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് എൻകോൺ ക്ലബ് നേച്ചർ ക്യാമ്പ് ചിമ്മിനി ഡാം ബി എഫ് ഒ പ്രവീൺ വി എം ഉദ്ഘാടനം ചെയ്യുന്നു.

75-ാംപിറന്നാൾ ആഘോഷിക്കുന്ന ദേശീയ അധ്യാപക അവാർഡ് ജേത്രിക്ക് ആദരമൊരുക്കി അധ്യാപക കൂട്ടായ്മ

തൃശൂർ: മികച്ച അധ്യാപികക്കുള്ള ദേശീയ അധ്യാപക അവാർഡ് നേടിയ എം.പത്മിനി ടീച്ചറുടെ എഴുപത്തിഅഞ്ചാംപിറന്നാളിന് സൗഹൃദം പങ്കുവെക്കാനും അനുമോദിക്കാനുമായി അധ്യാപകർ ഒത്തുകൂടി. 24 കേരള ബറ്റാലിയൻ അസോസിയേറ്റ് ഡ് എൻ.സി.സി ഓഫിസറും അധ്യാപകനുമായ മേജർ പി.ജെ. സ്റ്റൈജു ടീച്ചറെ പിറന്നാൾ സമ്മാനം നൽകി ആദരിച്ചു. അധ്യാപകർക്ക് സമൂഹനിർമ്മിതിയിൽ വലിയ പങ്കാണ് ഉള്ളതെന്നും ചില ഒറ്റപ്പെട്ട സംഭവങ്ങൾ കണ്ടുംകേട്ടു അധ്യാപകർ കർത്തവ്യ ബോധത്തിൽ നിന്നും ഒരുഅടി പോലും പിന്നോട്ട് പോകരുതെന്ന് തന്നെ സന്ദർശിച്ച അധ്യാപകരോട് എം.പത്മിനി ടീച്ചർ ആവശ്യപ്പെട്ടു.

മലയാളം അധ്യാപകൻ എ. ഡി ആന്റോ, ചരിത്രാധ്യാപിക സി.എം ഷീന, ശാസ്ത്ര അധ്യാപിക ലിന്റ് കെ.കൊച്ചു, ഗണിതാധ്യാപിക ഷെജി.സി ജോസ് എന്നിവർ ടീച്ചർക്ക് പിറന്നാൾ മംഗളങ്ങൾ ആശംസിച്ചു . എം പത്മിനി ടീച്ചർ മറുപടി പ്രസംഗം നടത്തി .

75-ാം പിറന്നാൾആഘോഷിക്കുന്ന ദേശീയ അധ്യാപക അവാർഡ് ജേത്രി എം പത്മിനി ടീച്ചർക്ക് മേജർ പിജെ സ്റ്റൈജുവും അധ്യാപകരും ചേർന്ന് പിറന്നാൾ ഉപഹാരം സമ്മാനിക്കുന്നു.

ലൂർദ്ദ് മാതാവിന്റെ ഊട്ട് തിരുനാൾ

തൃശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ലൂർദ്ദ് മാതാവിന്റെ ഊട്ട് തിരുനാൾ (രോഗീ ദിനാചരണം) കൊടിയേറ്റം കത്തീഡ്രൽ വികാരി വെരി റവ. ഫാ. ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. സഹവികാരിമാരായ റവ. ഫാ. പ്രിജോവ് വടക്കേത്തല, റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ എന്നിവരുടെ സാനിധ്യമുണ്ടായിരുന്നു. നടത്തു കൈക്കാരൻ തോമസ് കോനിക്കര, ലൂവി കണ്ണാത്ത്, ജോസ് ചിറ്റാട്ടുകര, ജോജു മഞ്ഞില, ഭക്ത സംഘടനാ ഭാരവാഹികൾ, കുംബകൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

തിരുനാൾ ദിനമായ ഫെബ്രുവരി 11 ന് രാവിലെ 6 -00, 7-30 ന് വിശുദ്ധ കുർബ്ബാനയും 9.30 ന് ഇടവകയിലെ രോഗികൾക്കും എഴുപത് വയസ്സിന് മുകളിലുള്ളവർക്ക് സൗഖ്യദായ ശുശ്രൂഷയും വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് ഇവർക്കായി നേർച്ച ഭക്ഷണം വിതരണം ചെയ്യും. വൈകീട്ട് അഞ്ചിന് ലദീഞ്ഞ്, നൊവേന, ആരാധന, ആഘോഷമായ തിരുനാൾ പാട്ടു കുർബ്ബാന, പ്രദക്ഷിണം, ഊട്ട് നേർച്ച ഭക്ഷണം ആശീർവ്വദിച്ച് വിളമ്പി കൊടുക്കുന്നു.

മുരിയാടിന്റെ പൊതുവഴികൾ സഞ്ചാര സൗഹൃദമാകുന്നു

ഇരിങ്ങാലക്കുട: മുരിയാട് ഗ്രാമപഞ്ചായത്തിന്റെ മൂന്നാം നൂറു ദിന കർമ്മപരിപാടിയുടെ ഭാഗമായി ക്ലീൻ ഗ്രീൻ മുരിയാട് പദ്ധതിക്ക് തുടക്കം കുറിച്ചു. ആനുരുളി ബണ്ട് റോഡ് പരിസരത്തു നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പള്ളി പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. വർഷത്തിൽ മൂന്നുപ്രാവശ്യമെങ്കിലും പഞ്ചായത്തിലെ പ്രധാന പൊതുവഴികളെല്ലാം പുല്ലുവെട്ടി വൃത്തിയാക്കുന്നതിനുള്ള പ്രവർത്തനമാണ് പദ്ധതിയിലൂടെ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 17 വാർഡുകളിലും ക്ലീൻ ഗ്രീൻ മുരിയാട് പദ്ധതിയുടെ ഭാഗമായി പൊതുവഴികൾ പുല്ലുവെട്ടി വൃത്തിയാക്കും. ഓരോ വാർഡുകൾക്കും നിശ്ചിത സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ യു വിജയൻ അധ്യക്ഷത വഹിച്ചു. ഭരണസമിതി അംഗങ്ങളായ തോമസ് തൊകലത്ത്, മണി സജയൻ, കെ വൃന്ദകുമാരി, ശ്രീജിത്ത് പട്ടത്ത്, പുല്ലൂർ ക്ഷീരോൽപാദന സഹകരണ സംഘം പ്രസിഡന്റ് കെ എൻ ദിവാകരൻ, പുല്ലൂർ സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങൾ അജിത, പരമു, വാർഡ് മെമ്പർ നിഖിത അനൂപ്, പഞ്ചായത്തംഗം റോസ്മി ജയേഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ടെണ്ടറുകൾ ക്ഷണിച്ചു

തൃശൂർ: ചാവക്കാട് അഡീഷനൽ സംയോജിത ശിശുവികസന ഓഫീസിനു കീഴിലുള്ള 109 അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 24 ന് ഉച്ചയ്ക്ക് 2.30 ന് മുമ്പ് ലഭിക്കണം. ഫോൺ: 0487 2556989.

തൃശൂർ: ചാലക്കുടി അഡീഷണൽ ഐ.സി.ഡി.എസ് പ്രൊജക്ടിലെ അങ്കണവാടികൾക്ക് പ്രീസ്കൂൾ കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ ഫെബ്രുവരി 25 ന് ഉച്ചയ്ക്ക് രണ്ടിന് മുമ്പ് ലഭിക്കണം. ഫോൺ: 0480 2700380.

മദ്യനിരോധനസമിതികൾ ഒന്നായി



ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻമാസ്റ്റർ

ഡോ. വിൻസെന്റ് മാളിയേക്കൽ

തൃശൂർ: സംസ്ഥാനത്ത്, വ്യത്യസ്ത നേതൃത്വങ്ങളുടെ കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന മദ്യനിരോധനസമിതികൾ ഒരുമിച്ച് കേരള മദ്യനിരോധന സമിതി എന്ന പേരിൽ ഒറ്റ സംഘടനയായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. ബിഷപ്പ് ഡോ. ജോഷാ മാർ ഇഗ്നാത്തിയോസ് മുൻകൈയെടുത്ത് നടത്തിയ ചർച്ചയിലാണ്, ഈ രംഗത്ത് പ്രവർത്തിക്കുന്ന വരെല്ലാം ഒരുമിക്കാനുള്ള ധാരണയുണ്ടായത്.

കേരള മദ്യനിരോധനസമിതിയുടെ സംസ്ഥാന പ്രസിഡന്റായി ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്ററേയും ജനറൽ സെക്രട്ടറിയായി ഡോ. വിൻസെന്റ് മാളിയേക്കലിനെയും ചീഫ് കോർഡിനേറ്ററായി പ്രൊഫ. ടി.എം.രവീന്ദ്രനേയും ട്രഷററായി കെ.സിദ്ദിഖ് മൗലവി അയലക്കാടിനെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡണ്ടുമാരായി അഡ്വ.സുജാത എസ് വർമ്മ, ബദറുദ്ദീൻ ഗുരുവായൂർ, ബി.ആർ. കൈമൾ കരുമാടി, ഫാ. മാത്യൂസ് വട്ടിയാനിക്കൽ, ആർട്ടിസ്റ്റ് ശശികല, പി. മോഹനകുമാർ, സെക്രട്ടറിമാരായി ഖദീജ നർഗീസ്, മേഴ്സി ജോയി,ടി. ചന്ദ്രൻ, സഖറിയാസ് തേക്കുംകാട്ടിൽ, വി.ജി. ശശി, എസ് ചന്ദ്രബാബു, പി.എം. ഹബീബുള്ള, ഐ.സി. മേരി. കേരള മദ്യനിരോധന മഹിളാവേദി പ്രസിഡന്റ് - പ്രൊഫ. ഒ.ജെ. ചിന്നമ്മ, സെക്രട്ടറി - ഇയ്യച്ചേരി പത്മിനി, ട്രഷറർ -ഖ കൈമൾ എന്നിവരടങ്ങിയ ഭാരവാഹികളെ തൃശൂർ സൈന്റ് തോമസ് കോളജിൽ ചേർന്ന യോഗം തിരഞ്ഞെടുത്തു.

വിവാഹിതരായി

അഞ്ജന – അജയ്

മുതിർന്ന മാധ്യമ പ്രവർത്തകനും സീനിയർ ജേണലിസ്റ്റ്സ് ഫോറം തൃശൂർ മുൻ ജില്ലാ സെക്രട്ടറിയുമായ എൻ. ശ്രീകുമാറിന്റെയും എൻ. ശാരദാദേവിയുടെയും മകൾ അഞ്ജനയും ഒറ്റപ്പാലത്ത് കെ.കെ.ഹരിശങ്കറിന്റെയും എൻ.ബീനയുടെയും മകൻ അജയും തമ്മിൽ തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.

റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക സാഹിത്യ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പ്രമുഖ വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.

പൗരസ്ത്യ കൽദായ സുറിയാനി സഭ ചേലക്കോട്ടുക്കര മാർ അപ്രേം പള്ളി 85ാം തിരുനാൾ കൊടിയേറ്റം വികാരി ഫാ. സി ഡി പോളി നിർവ്വഹിക്കുന്നു. ഫെബ്രുവരി 14, 15, 16 തിയ്യതികളിൽ ആണ് തിരുനാൾ നടക്കുന്നത്

അധ്യാപകനിയമന അംഗീകാരം : ചർച്ചകൾക്ക് തയ്യാറെന്ന് മന്ത്രി കെ രാജൻ

തൃശൂർ: ഭിന്നശേഷി സംവരണ വിഷയത്തിൽ തടസ്സപ്പെട്ടു കിടക്കുന്ന പതിനാറായിരത്തോളം വരുന്ന അധ്യാപക നിയമനാംഗീകാര പ്രശ്നം പരിഹരിക്കുവാൻ ആത്മാർഥമായി ശ്രമിക്കുമെന്ന് കേരള റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ ഉറപ്പു പറഞ്ഞു. തൃശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ നടന്ന കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.പ്രശ്നപരിഹാരത്തിനായ് വിദ്യാഭ്യാസ മന്ത്രിയും, വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ചർച്ചകൾക്ക് വേദിയൊരുക്കുമെന്നും ഈ വിഷയത്തിൽ ചർച്ച ചെയ്യാൻ ടീച്ചേഴ്സ് ഗിൽഡ് നേതൃത്വത്തെയും തിരുവനന്തപുരത്തേക്ക് ക്ഷണിക്കുന്നതായി അദ്ദേഹം അറിയിച്ചു. ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കുന്ന പശ്ചാത്തലത്തിൽ അവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ അധ്യാപക സമൂഹത്തിന് കഴിയണമെന്ന് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത് സി ബിസിഐ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അഭിപ്രായപ്പെട്ടു. ന്യൂനപക്ഷ സ്കോളർഷിപ്പ് 50 ശതമാനമായി വെട്ടിക്കുറച്ചത് നീതിനിഷേധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാത്തലിക് ടീച്ചേഴ്സ് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് ടോം മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ കോട്ടപ്പുറം രൂപതാ അധ്യക്ഷൻ മാർ അംബ്രോസ് പുത്തൻവീട്ടിൽ അനുഗ്രഹ പ്രഭാഷണവും സംസ്ഥാന ഡയറക്ടർ ഫാ. ആന്റണി വാക്കോ അറയ്ക്കൽ ആമുഖം പ്രസംഗവും നടത്തി. തൃശൂർ അതിരൂപതാ വികാരി ജനറാൾമാരായ മോൺ. ജോസ് കോനിക്കര മോൺ. ജയ്സൺ കൂനംപ്ലാക്കൽ, ഫാ. ജോയി അടമ്പുകുളം,ബിജു ജി. റോബിൻ മാത്യു, എ ഡി സാജു, ബിജു പി ആന്റണി, സി എ ജോണി, സി ജെ ആന്റണി, ഷൈനി കുര്യാക്കോസ്, സുഭാഷ് മാത്യു, ഫെലിക്സ് ജോ പി . ജെ,ജോഷി വടക്കൻ, ജാക്സൺ എൻ പി ,തുടങ്ങിയവർ സംസാരിച്ചു.

സമ്മേളനത്തിനു മുന്നോടിയായി തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ആയിരക്കണക്കിന് അധ്യാപകർ പങ്കെടുത്ത വിദ്യാഭ്യാസ അവകാശ സംരക്ഷണ റാലിയിൽ അധ്യാപകരുടെ പ്രതിഷേധം ഇരമ്പി. മേയർ എം.കെ വർഗ്ഗീസ് ഫ്ലാഗ് ഓഫ് കർമ്മം നിർവഹിച്ചു.

സമ്മേളനത്തിൽ വിവിധ അധ്യാപക ആവശ്യങ്ങൾ ഉന്നയിച്ച് പ്രമേയങ്ങൾ അവതരിപ്പിച്ചു. ടീച്ചേഴ്സ് ഗിൽഡ് ഓൺലൈൻ മുഖപത്രം 'പകൽ' ന്റെ പ്രകാശന കർമ്മം മോൺ. ജോസ് കോനിക്കര നിർവ്വനിച്ചു. മികച്ച അധ്യാപകർക്കുള്ള അവാർഡുകളും, സംസ്ഥാന തലത്തിൻ നടത്തിയ രചന, കരോൾഗാന മത്സര ജേതാക്കൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. വിവിധ കലാപ്രകടനങ്ങൾ സമ്മേളനത്തിന്റെ മാറ്റു വർദ്ധിപ്പിച്ചു.

പി ഡി പി പുതുക്കാട് മണ്ഡലം സംഗമം സംഘടിപ്പിച്ചു

പുതുക്കാട്: കേരളത്തിലെ മുഴുവൻ മണ്ഡലം കേന്ദ്രങ്ങളിലും സ്റ്റേറ്റ് കമ്മിറ്റിയുടെ നിർദേശ പ്രകാരം നടന്നു വരുന്ന മുന്നൊരുക്കം 2025 മണ്ഡലം സംഗമം പുതുക്കാട് മണ്ഡലത്തിൽ മണ്ഡലം പ്രസിഡന്റ് ശിഹാബ് പെരുവാങ്കുഴിയിലിന്റെ അധ്യക്ഷതയിൽ ചേർന്നു.

ജില്ലാ വൈസ് പ്രസിഡന്റ് ഡോക്ടർ കബീർ മൗലവി ഉത്ഘാടനം ചെയ്ത യോഗത്തിൽ ജില്ലാ ജോയിന്റ് സെക്രട്ടറി ജെൻസൻ ആലപ്പാട്ട് മുഖ്യ പ്രഭാഷണം നടത്തി. ഒല്ലൂർ മണ്ഡലം സെക്രട്ടറി സുബൈർ. കബീർ മൂക്കൻ. അബുഹാജി സിദ്ധിക്ക് അലുങ്ങൽ എന്നിവർ സംസാരിച്ചു.

കേരള സോൾവെന്റ് എക്സാക്ഷൻ ലിമിറ്റഡ് എസ്ആർ ഫണ്ട് ഹൈമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം ചെയ്തു

ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റി വാർഡ് 31 കാരുകുളങ്ങര സെന്ററിൽ കേരള സോൾവെന്റ് എക്സാക്ഷൻ ലിമിറ്റഡിന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്, ഉദ്യാനം എന്നിവയുടെ ഉദ്ഘാടനം എം. അനിൽ (ജി എം. കെ എസ് ഇ) നിർവഹിച്ചു. മുൻ ചെയർപേഴ്സനും വാർഡ് കൗൺസിലറും ആയിട്ടുള്ള സുജാസഞ്ജീവ് കുമാർ, മുൻ നഗരസഭാ വൈസ് ചെയർമാൻ ടിവി ചാർലി, കാരുകുളങ്ങര നിവാസികൾ ചടങ്ങിൽ പങ്കെടുത്തു.

കേരളശാസ്ത്ര കോൺഗ്രസിന് ഇന്നു സമാപനം

തൃശൂർ: വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് 4 ദിവസങ്ങളായി നടക്കുന്ന 37-ാമത് കേരള ശാസ്ത്ര കോൺഗ്രസിന് ഇന്ന് സമാപനം. ശാസ്ത്രജ്ഞർക്കൊപ്പം തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പ്രഭാത നടത്തത്തോടെ സമാപന ദിവസത്തെ പരിപാടികൾക്ക് തുടക്കമായി.

സ്കൂൾ വിദ്യാർഥികൾക്ക് ശാസ്ത്രപഠനത്തിലും ശാസ്ത്രീയ രീതികളിലും പ്രചോദനം നൽകുന്ന പരിപാടിയായാണ് 'ശാസ്ത്രജ്ഞനോടൊപ്പമുള്ള നടത്തം' സംഘടിപ്പിച്ചത്. രാവിലെ ഏഴര മുതൽ എട്ടരവരെ നടക്കുന്ന പ്രഭാത സവാരിയിൽ തെരഞ്ഞെടുത്ത വിദ്യാർഥികൾക്ക് ശാസ്ത്രജ്ഞർക്കൊപ്പം പ്രഭാത സവാരിയിൽ പങ്കെടുക്കാനും ശാസ്ത്രസംബന്ധിയായ സംഭാഷണത്തിലും സംശയനിവാരണത്തിലും ഏർപ്പെടാനും അവസരമൊരുക്കിയിരുന്നു.

പ്രശസ്ത ശാസ്ത്രജ്ഞരായ എം.സി ദത്തൻ, ഡോ. സുരേഷ് ദാസ്, പ്രൊഫ. ജി.എം നായർ, പ്രൊഫ. എസ്.ഡി ബിജു, ഡോ. എൻ. അനിൽ കുമാർ എന്നിവർ വിദ്യാർത്ഥികളുമായി സംവദിച്ചു.

രാവിലെ 9.30 മുതൽ ഒരു മണി വരെ എം.എസ് സ്വാമി നാഥൻ ഹാളിൽ സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബികയുടെ മുഖ്യ പ്രഭാഷണത്തെ തുടർന്ന് വിവിധ സ്റ്റാർട്ടപ്പുകളുടെ നേതൃത്വത്തിൽ അവതരണങ്ങളും ചർച്ചകളും നടന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലൂന്നിയ നവീന സംരംഭകരെയും അവരുടെ നൂതനമായ പദ്ധതികളെയും പരിചയപ്പെടാൻ സാധിച്ചു. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ വിദഗ്ദ്ധ ശാസ്ത്രജ്ഞരുമായുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഇന്ററാക്ടീവ് സെഷൻ ഡോ. കെ.എം ഭട്ട് ഹാളിൽ നടന്നു. പ്രൊഫ. കെ.പി സുധീർ മോഡറേറ്ററായി. കേരള സർക്കാരിന്റെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി ദത്തൻ, ഡോ. സുരേഷ് ദാസ്, കേരള ആരോഗ്യസർവകലാശാല വൈസ്ചാൻസലർ പ്രൊഫ. മോഹൻ കുന്നുമ്മൽ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ.കെ സാജു, അനൂപ് അംബിക, ഡോ. പി.വി ഉണ്ണികൃഷ്ണൻ, പ്രൊഫ. ജേക്കബ് ജോൺ, ഡോ. പി.എ സുരേഷ് ബാബു, ഡോ. ഡി.എസ്. പൈ, പ്രൊഫ. എസ്. ഡി ബിജു എന്നിവർ സംബന്ധിച്ചു.

വൈകിട്ട് 3.30 ന് എം.എസ് സ്വാമിനാഥൻ ഹാളിൽ കേരള ശാസ്ത്ര കോൺഗ്രസിന്റെ സമാപന ചടങ്ങുകൾ നടക്കും. പ്രൊഫ. കെ.പി സുധീർ അധ്യക്ഷനാകും. കൃഷിമന്ത്രി പി. പ്രസാദ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബി. അശോക് എന്നിവർ സംസാരിക്കും. പ്രൊഫ. എം.കെ ജയരാജ് റിപ്പോർട്ട് അവതരിപ്പിക്കും. ചടങ്ങിൽ ഗവേഷണ പ്രബന്ധങ്ങൾക്കും പോസ്റ്ററുകൾക്കുമുള്ള അവാർഡുകൾ, സിസോൾ പുരസ്കാരങ്ങൾ, ശാസ്ത്ര പ്രദർശനത്തിലെ ഏറ്റവും മികച്ച സ്റ്റാളിനുള്ള അവാർഡുകൾ നൽകും. ചടങ്ങിന് പ്രൊഫ. എ.സാബു സ്വാഗതവും ഡോ. സി. അരുൺ നന്ദിയും പറയും.

കാറും ബൈക്കും കൂട്ടിമുട്ടി യുവാവിന് പരിക്ക്

കണ്ടാണശ്ശേരി: പാരീസ് റോഡിൽ കാറും, ബൈക്കും കൂട്ടിമുട്ടി ബൈക്ക് യാത്രക്കാരനായ, കോക്കൂർ സ്വദേശി മുക്കലശ്ശേരി വീട്ടിൽ ബവിൻ (24) ന് പരിക്കുപറ്റി. ബവിനെ ഗുരുവായൂർ ACTS പ്രവർത്തകർ ചാവക്കാട് ഹയാത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ചിത്രകൂട്ടം 2025

തൃശൂർ: പുറനാട്ടുകര SRKGVMHS വിദ്യാമൃതം 89 ബാച്ച് കൂട്ടായ്മ ചിത്രകൂട്ടം 2025 പരിപാടി തൃശൂർ ജവഹർ ബാലഭവനിൽ നടന്നു. രമേഷ് കുമാർ (സെക്രട്ടറി) സ്വാഗതം പറഞ്ഞു. അധ്യക്ഷ പ്രസംഗം മഹേഷ് ചന്ദ്രശേഖരൻ (പ്രസിഡൻറ്) നടത്തി.

ഉദ്ഘാടനം ഹരിദാസ് (തൃശൂർ ജില്ലാ സെക്രട്ടറി, കേരള ചിത്രകലാ പരിഷത്ത്) നിർവഹിച്ചു. നിരഞ്ജിനി കൃഷ്ണ സംസ്ഥാന സ്കൂൾ കലോത്സവ ജേതാവ്. ശൈലേഷ്. (ചാപ്പി), എ.ബി.സുരേഷ് (ചിത്രകാരൻ) സെബി അക്കര (ചിത്രകാരൻ) സുരേഷ് കുമാർ (ഇല്ലം പ്രൊഡക്ട്സ്), ആറ്റൂർ സന്തോഷ് കുമാർ. പുസ്തക പരിചയം നടത്തിയ എ.വി.പ്രദീപ് കുമാർ എന്നിവരെ ആദരിച്ചു. ചിത്രരചനാ മത്സരങ്ങളിൽ പങ്കെടുത്തവർക്കുള്ള സമ്മാനദാനം എന്നിവയും ഉണ്ടായിരുന്നു ചിത്രകാരന്മാരെ പരിചയപ്പെടുത്തൽ ആറ്റൂർ സന്തോഷ് കുമാർ നിർവഹിച്ചു.മുദ്രാലോൺ: വിശദീകരണം -ശ്രീ.മഹേശ്വരൻ നടത്തി.

ആറ്റൂർ സന്തോഷ് കുമാറിന്റെ കണ്ണാടി പുസ്തകം എ.വി. പ്രദീപ് കുമാർ പരിചയപ്പെടുത്തിഅംഗങ്ങളുടെയും, കലാപരിപാടികൾ ഉണ്ടായിരുന്നു. നന്ദി സുധീഷ് (ട്രഷറർ) രേഖപ്പെടുത്തി. ജോബി ഫ്രാൻസിസ് അവതാരകനായി.

തുറവൻകാട് ഊക്കൻ മെമ്മോറിയൽ സ്ക്കൂൾ വാർഷികം

തുറവൻകാട്: ഊക്കൻ മെമ്മോറിയൽ സ്ക്കൂൾ വാർഷികം പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പള്ളി ഉൽഘാടനം ചെയ്തു ഡി പോൾ വികർ പ്രൊവിൻഷ്യൽ സി.പിയോ സി എസ് സി, അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോർപ്പറേറ്റ് മാനേജർ സി. ലെസ്ലി, സെന്റ് ജോസഫ് പള്ളി വികാരി ഫാ.സെബി കൂട്ടാല പറമ്പിൽ, എ ഇ ഒ നിഷ എം സി, പ്രധാന അധ്യാപിക സി.ജെർമെയ്ൻ, പഞ്ചായത്ത് അംഗങ്ങളായ റോസ്മി ജയേഷ്, തോമസ് തൊകലത്ത്, പി ടി എ പ്രസിഡന്റ് അജോ ജോൺ,സ്ക്കൂൾ ലീഡർ മാസ്റ്റർ മിഥുൻ, മദർ സുപ്പീരിയർ സി.ഷീൻ, സി.നിമിഷ, സി.ഫെമി, എന്നിവർ പ്രസംഗിച്ചു

തുറവൻകാട് ഊക്കൻ മെമ്മോറിയൽ സ്ക്കൂൾ വാർഷിക ഉൽഘാടനം പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പിള്ളിയും മാസ്റ്റർ മിഥുനും കൂടി നിർവഹിക്കുന്നു

ബസ്സോടിക്കുന്നതിനിടെ മൊബൈൽ ഉപയോഗം; കെഎസ്ആർടിസി ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കി

തൃശൂർ : ബസ്സോടിക്കുന്നതിനിടെ മൊബൈൽഫോൺ ഉപയോഗിച്ച കെ.എസ്. ആർ. ടി.സി. ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കി മോട്ടോർവാഹനവകുപ്പ്. ബത്തേരി ഡിപ്പോയിലെ ജീവനക്കാരനായ സിയാദിനെതിരേയാണ് നടപടി.

മൂന്നുമാസത്തേക്കാണ് ലൈസൻസ് റദ്ദാക്കിയത്. വാഹനം ശരിയായ രീതിയിൽ ഓടിക്കുന്നതിനെക്കുറിച്ച് എടപ്പാളിലെ ഐ.ഡി.ടി.ആർ. പരിശീലനകേന്ദ്രത്തിൽ അഞ്ചുദിവസം പരിശീലനത്തിൽ പങ്കെടുക്കാനും നിർദേശിച്ചിട്ടുണ്ട്.

ബത്തേരിയിൽനിന്ന് മാനന്തവാടിയിലേക്ക് ബസ്സോടിക്കുന്നതിനിടെ മൊബൈൽ ഫോണിൽ സംസാരിക്കുന്നതിന്റെ വീഡിയോദൃശ്യം സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.

ഇതുപ്രകാരം അശ്രദ്ധമായി വാഹനമോടിച്ചെന്ന പരാതിയിലാണ് ബത്തേരി ജോയിന്റ് ആർ.ടി.ഒ. നടപടിയെടുത്തത്.

സിയാദിന് കാരണംകാണിക്കൽ നോട്ടീസ് നൽകി വിശദീകരണം തേടിയിരുന്നു. നിയമം ലംഘിച്ച് വാഹനമോടിച്ചതായി ബോധ്യപ്പെട്ടതോടെയാണ് നടപടി. സിയാദിനെ കഴിഞ്ഞദിവസം കെ.എസ്.ആർ.ടി. സി.യും സസ്പെൻഡ് ചെയ്തിരുന്നു.

ഒരു മൃതദേഹം കൂടി കണ്ടെത്തി

ചാലക്കുടി: ഷോളയാർ പെരിങ്ങൽകുത്ത് ഡാമിലെ റിസർവോയറിൽ നിന്ന് ഒരു ജഡം കൂടി കണ്ടെത്തി. മുക്കാട്ട് ഉന്നതിയിൽ അച്ചുതനാണ് മരിച്ചത്.

നിര്യാതനായി

എം. സക്കീർ ഹുസൈൻ

തൃശൂർ: 'മാധ്യമം' മുൻ സീനിയർ റിപ്പോർട്ടറും കൂർക്കഞ്ചേരി മുതൽപേർ ഹൗസിൽ പരേതരായ മീരാ ഹുസൈന്റെയും നൂർജഹാന്റെയും മകനുമായ എം.സക്കീർ ഹുസൈൻ (60) നിര്യാതനായി. ഭാര്യ: എ. അമീന. മക്കൾ: ഇഷാർ ഹുസൈൻ (ദുബൈ), ഇർഫാൻ ഹുസൈൻ, ഇഹ്സാന ഹുസൈൻ. മരുമകൾ: ആയിഷ സനം. സഹോദരങ്ങൾ